സിറാജ്

09 January 2020

# പരമ്പരാഗത അറിവുകൾ പ്രയോജനപ്പെടുത്തണം: ദേശീയ സെമിനാർ

കൊച്ചി | കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളെ കടലോരങ്ങളിൽ നിന്ന് മാറ്റിപ്പാർപ്പിക്കണമെന്ന് നിർദേശം. എന്നാൽ, തീരദേശങ്ങളിൽ നിന്ന് ദൂരസ്ഥലങ്ങളിലേക്ക് ഇവരെ മാറ്റരുതെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന മൂന്നാമത് രാജ്യാന്തര മറൈൻ സിമ്പോസിയത്തിൽ അഭിപ്രായമുയർന്നു.

കടലാക്രമണവും മറ്റ് പ്രകൃതിദുരന്തങ്ങളും പെരുകുമ്പോൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കടലോരങ്ങളിൽ നിന്ന് അൽപ്പം മാറി തീരദേശ റോഡിന്റെ കിഴക്ക് വശത്ത് സുരക്ഷിതമായി പുനരധിവസിപ്പിക്കണം. കടൽഭിത്തി നിർമാണങ്ങൾ തീരദേശവാസികൾക്ക് വേണ്ടത്ര സുരക്ഷയൊരുക്കാൻ മതിയായതല്ലെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു.

കേന്ദ്രവും സംസ്ഥാന ഭരണകൂടങ്ങളും തമ്മിൽ കൂടിയാലോചനകൾ സാധ്യമാകുന്ന വിധത്തിൽ സമുദ്രമത്സ്യ മേഖലയെ കൺകറന്റ് പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ബെംഗളൂരു അസിം പ്രേംജി സർവകലാശാലയിലെ പ്രൊഫ. ജോൺ കുര്യൻ അഭിപ്രായപ്പെട്ടു. സംസ്ഥാനങ്ങൾക്ക് മതിയായ അധികാരങ്ങൾ നൽകിക്കൊണ്ട് തന്നെ ഇന്ത്യൻ തീരങ്ങളിൽ ഏകീകൃതമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഇത് സഹായകമാകും. 12 നോട്ടിക്കൽ മൈലിനുള്ളിൽ ട്രോളിംഗ്, പഴ്സീൻ വല ഉപയോഗിച്ചുള്ള മീൻപിടിത്തം എന്നിവ പൂർണമായും തടയണമെന്നും അദ്ദേഹം പറഞ്ഞു.കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ വളരെവേഗം തിരിച്ചറിയാൻ കടലുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരമ്പരാഗത അറിവുകൾ ശാസ്ത്രീയപഠനങ്ങളിൽ പ്രയോജനപ്പെടുത്തണമെന്നും ചർച്ചയിൽ നിർദേശമുയർന്നു. തീരദേശമേഖലകളിൽ നിലനിൽക്കുന്ന തദ്ദേശീയ അറിവുകൾ ക്രോഡീകരിച്ച് ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കിയാൽ പ്രകൃതി പ്രതിഭാസങ്ങൾക്കെതിരെ കരുതൽ നടപടികൾ സ്വീകരിക്കാനാകും.

കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ചുള്ള ശാസ്ത്രീയ കണ്ടെത്തലുകൾ മത്സ്യത്തൊഴിലാളി സമൂഹത്തെ ബോധ്യപ്പെടുത്തണമെന്നും സിമ്പോസിയത്തിൽ ആവശ്യമുയർന്നു. വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു.